ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

**Ex. V (1)16761/HSE/RV/2017**

തീയതി : 11/07/2017

# സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി രണ്ടാം വർഷ സേ/ഇംപ്രൂവ്മെന്റ് പരീക്ഷ, ജൂൺ 2017 - പുനർ മൂല്യനിർണ്ണയം, സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി - സംബന്ധിച്ച്.

2017 ജൂണിൽ നടന്ന രണ്ടാം വർഷ ഹയർസെക്കന്ററി സേ/ ഇംപ്രൂവ്മെന്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം www.dhsekerala.gov.in, www.keralaresults.nic.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയത്തിനും, സൂക്ഷ്മ പരിശോധനയ്ക്കും, ഫോട്ടോകോപ്പി ലഭിക്കുന്നതിനും നിശ്ചിത ഫോറങ്ങളിലുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഫീസ് സഹിതം മാർച്ചിലെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിലെ പ്രിൻസിപ്പാളിന് **15/07/2017** നകം സമർപ്പിക്കേണ്ടതാണ്. ഇരട്ട മൂല്യനിർണ്ണയം നടത്തിയ ഫിസിക്സ്, കെമിസ്ട്രി, കണക്ക് ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയമോ സൂക്ഷ്മപരിശോധനയോ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ടി ഉത്തരക്കടലാസ്സുകളുടെ ഫോട്ടോകോപ്പിയ്ക്ക് അപേക്ഷിക്കാവുന്നതാണ്. **ഫീസ് വിവരം പേപ്പർ ഒന്നിന്: പുനർമൂല്യനിർണ്ണയത്തിന് 500 രൂപ, ഉത്തരക്കടലാസ്സുകളുടെ ഫോട്ടോകോപ്പിയ്ക്ക് 300 രൂപ, സൂക്ഷ്മപരിശോധനയ്ക്ക് 100 രൂപ.** യാതൊരു കാരണവശാലും അപേക്ഷകൾ ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. അപേക്ഷാഫോറങ്ങൾ സ്കൂളുകളിലും ഹയർസെക്കന്ററി പോർട്ടലിലും ലഭ്യമാണ്. സ്കൂളുകളിൽ ലഭിക്കുന്ന പൂരിപ്പിച്ച അപേക്ഷകൾ പരീക്ഷാ സെക്രട്ടറി നൽകുന്ന സോഫ്ട്വെയർ ഉപയോഗിച്ച് **18/07/2017** നകം പ്രിൻസിപ്പൽമാർ അപ്ലോഡ് ചെയ്യേണ്ടതാണ്.

**ഒപ്പ്/-**
**സെക്രട്ടറി**
**&**
**ജോയിന്റ് ഡയറക്ടർ**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻസ്**
**കേരള**